# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3242 — 11.12.2014-ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ റെസ്റ്റ്ഹൗസുകളിലെ ദിവസ വേതനക്കാർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ. ദാസൻ | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
| (എ) കോഴിക്കോട് ജില്ലയിലെ വടകര, കൊയിലാണ്ടി, നാദാപുരം, പേരാമ്പ്ര, കുറ്റ്യാടി പി.ഡബ്യൂ.ഡി റെസ്റ്റ് ഹൗസുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് വേതനം ലഭിക്കാത്ത സ്ഥിതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? | (എ) ഉണ്ട്. |
| (ബി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് എത്ര മാസത്തെ ശമ്പള കുടിശ്ശിക കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ? എന്നത്തേയ്ക്ക് ശമ്പള കുടിശ്ശിക കൊടുത്തു തീർക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) കൊയിലാണ്ടി റെസ്റ്റ് ഹൗസിലെ ജീവനക്കാർക്ക് ഒക്ടോബർ, നവംബർ മാസത്തേയും മറ്റു റെസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് ഒക്ടോബർ അവസാന പകുതിയും നവംബർ മാസത്തെ കുടിശ്ശികയുമാണ് കൊടുക്കുവാനുള്ളത്. നാലു സെക്ഷനാഫീസുകളുടേയും ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും കാഷ്വൽ ലേബർ റോൾ രജിസ്റ്ററിൽ ഹാജർ രേഖപ്പെടുത്തി ലഭിക്കുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്. |
| (സി) തുച്ഛമായ ശമ്പളം ലഭിക്കുന്ന ഇത്തരം വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഗൗരവമായി കണക്കിലെടുക്കാത്തതിനാൽ ജീവനക്കാർ അനുഭവിക്കുന്ന കഷ്ടതകൾ സർക്കാർ കാണുന്നുണ്ടോ? | (സി) ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് ഇത്തരം ജീവനക്കാരുടെ വേതനം കാലതാമസം കൂടാതെ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ